കാസർകോഡ് അഴിമുഖ വികസന പദ്ധതി

1310 [2341] ശ്രീ. സി. റഹീം അഹമ്മദ് അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് അഴിമുഖം മണ്ണ് നിറഞ്ഞ്, ബോട്ടുകളും തോണികളും ഇറങ്ങുവാൻ കഴിയാതായിട്ടുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അഴിമുഖ വികസനത്തിന് എന്തെങ്കിലും പദ്ധതി ഗവൺമെന്റ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. 1986-ൽ പണി പൂർത്തിയാക്കാനാകുംവിധം, കാസർകോഡ് ഒരു ഫിഷ്‌ലാൻറിംഗ് സെൻറർ നിർമ്മിച്ചുവരുകയാണ്. ഇത് ഒരു 'മിനി ഫിഷിംഗ് ഹാർബർ' ആക്കാനുള്ള നിർദ്ദേശവും നിലവിലുണ്ട്.

കെ.എസ്.ആർ.ടി.സി. യുടെ കേന്ദ്ര ആഫീസ് കെട്ടിടത്തിന്റെ പണി

1311 [2342] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ:

,, വി. ജെ. തങ്കപ്പൻ:

,, വർക്കല രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യുടെ കേന്ദ്ര ഓഫീസ് കെട്ടിടത്തിന്റെ പണി ഇപ്പോൾ ഏതു ഘട്ടത്തിലിരിക്കുന്നു.

(ബി) 30-6-1986-വരെ ഇതിനുവേണ്ടി ചെലവഴിച്ച തുക എത്ര;

(സി) പണി പൂർത്തിയാക്കാൻ ഇനി എന്തു തുക കൂടി വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആറാം നിലയുടെ കോൺക്രീറിംഗ് പണി നടന്നുവരുന്നു.

(ബി) 1,67,46,812 രൂപ.

(സി) ഉദ്ദേശം 2.55 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

കിഴക്കേകോട്ട സിറ്റി ബസ് സ്റ്റേഷനിലെ കമ്പിവേലികൾ

1312 [2343] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കിഴക്കേകോട്ടയിലുള്ള സിറ്റി ബസ് സ്റ്റേഷനിലെ വെയിറ്റിംഗ് ഷെഡ്ഡിൽ കമ്പിവേലികൾ സ്ഥാപിച്ചത് എന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly